മഹാഭാരതകഥയിൽ അർജുനന്റെ പുത്രൻ അഭിമന്യു, ചക്രവ്യൂഹം ഭേദിക്കുന്നത് ഉൾപ്പെടെയുള്ള യുദ്ധതന്ത്രങ്ങൾ പഠിച്ചത് അമ്മയുടെ ഉദരത്തിൽ കിടക്കുമ്പോഴാണെന്ന് ഐതിഹ്യം. അങ്ങനെ ഗ്രഹിക്കാൻ കഴിയുന്നതിൽ ചില ശാസ്ത്രസത്യങ്ങളുണ്ടെന്ന് ചിലർ. ഏതായാലും അമ്മയുടെ ഉദരത്തിൽ കിടക്കുമ്പോഴേ കലാകുടുംബത്തിൽ ദിനവും ഉയരുന്ന തബലയുടെ നടകൾ കേട്ട് വളർന്ന കുട്ടിക്ക് മുട്ടിൽ ഇഴഞ്ഞു നടക്കുമ്പോഴേ തബലയോടായിരുന്നു കമ്പം. ഏത് ബഹളത്തിലും ആ ശബ്ദം കുട്ടിയെ നിശ്ശബ്ദനാക്കുമായിരുന്നു. ഒരു വയസ്സ് തികയും മുൻപ് കുഞ്ഞിന്റെ ജീവിതത്തിൽ നടന്ന സംഭവം അമ്മ പറയുന്നതിങ്ങനെ "അനിയൻ (കുട്ടിയുടെ പിതൃസഹോദരൻ) കുട്ടികളെ പഠിപ്പിക്കുന്നതിനിടെ പുറത്തേക്ക് പോയപ്പോൾ ഇവൻ ഓടിപ്പോയി തബലയിൽ അനിയൻ വായിച്ചതിന്റെ തുടർച്ച വായിച്ച് ഞങ്ങളെ ഞെട്ടിച്ചു കളഞ്ഞു."

നിറയെ കലാകാരന്മാരുള്ള കുടുംബത്തിൽ ജനിച്ച് കുഞ്ഞിലേ തന്റെ ജന്മസിദ്ധമായ കഴിവ് ലോകത്തിന് കാട്ടിക്കൊടുത്ത ഒരു പ്രതിഭ ഈ ആഴ്ചയിൽ നിങ്ങൾക്കിടയിലേക്ക്.

**ജാക്സൺ ആന്റണി,**
**സൗത്ത് ഇന്ത്യൻ ബാങ്ക്,**
**വടക്കാഞ്ചേരി ശാഖ.**

കാലടി മറ്റൂരിൽ കലാകാരനും ബിസിനസ് കാരനും ആയ പി ഡി ആന്റണിയുടെയും മേഴ്സിയുടെയും ഏക മകനായി ജനിച്ച ജാക്സൺ കുട്ടിക്കാലം മുതൽ കേൾക്കുന്നത് തബലയുടെ നാദവും കീബോർഡിന്റെ ശ്രുതിയും ആണ്. കളിക്കാനും കൂടാനും മറ്റ് സഹോദരങ്ങൾ ഇല്ലാത്തത് കൊണ്ടാവാം കുഞ്ഞുജാക്സൺ ഇതിനോടൊക്കെ അന്നേ ചങ്ങാത്തം കൂടിയത്.

പിതൃ സഹോദരൻ ജോസ് പേരുകേട്ട തബലിസ്റ്റ് ആയിരുന്നു. ജാക്സന്റെ തബലയോടുള്ള അഭിനിവേശം കണ്ടറിഞ്ഞ ജോസ് അവനെ അവന്റെ മൂന്നാം വയസ്സിൽ ശിഷ്യനാക്കി. ഒന്ന് മുതൽ അഞ്ച് വരെ പഠിച്ച മറ്റൂർ സെന്റ് ആന്റണീസ് സ്കൂളിലെ വാർഷികത്തിന് 5 മിനിറ്റ് തബല വായിച്ച് അഞ്ചാംവയസ്സിൽ ജാക്സൺ ജനശ്രദ്ധ നേടി.

ഇടംകയ്യൻ കൂടിയായ ജാക്സന്റെ പ്രകടനം കണ്ട് വിസ്മയം പൂണ്ട സ്കൂളധികൃതർ അന്നത്തെ ഗാനമേളയിൽ തബല വായിക്കാനുള്ള അവസരം ജാക്സണ് പിന്നെയും വച്ചുനീട്ടി. മൃദംഗം ഉപയോഗിക്കേണ്ട "ഒരു മുറൈ വന്ത് പാർത്തായാ..." "സംഗീതമേ.. അമരസല്ലാപമേ... "എന്നീ പാട്ടുകൾക്ക് തബലയിലൂടെ നാദമൊരുക്കി ജാക്സൺ വീണ്ടും ജനങ്ങളെ

വിസ്മയിപ്പിച്ചു.
നിറഞ്ഞ ഹർഷാരവവും നോട്ട് മാലകളും ഒക്കെ തന്നെ വന്ന് പൊതിഞ്ഞത് ജാക്സന്റെ ഓർമകളിൽ വന്ന് നിറയുന്നത് അമ്മയുടെ വാക്കുകളിലൂടെയാണ്. ജാക്സണ് ഇത് കുട്ടിക്കളി ആയിരുന്നെങ്കിലും ആളുകൾക്ക് അത് കൗതുകവർണങ്ങൾ ഒരുക്കി.

സ്കൂൾ ജീവിതത്തിന്റെ അടുത്ത ഘട്ടം ബ്രഹ്മാനന്ദോദയം ഹയർസെക്കൻഡറി സ്കൂളിൽ ആയിരുന്നു, കോളേജ് ജീവിതം കാലടി ശ്രീശങ്കര കോളേജിലും.
സ്കൂളിലും കോളേജിലും പഠിക്കുമ്പോൾ മത്സരങ്ങളിൽ സ്ഥിരം സാന്നിദ്ധ്യമായിരുന്നെങ്കിലും ജാക്സന്റെ ഓർമ്മകൾ വിടരുന്നത് പുറംലോകത്തേക്കാണ്.

ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ അനശ്വരകാഥികൻ കെടാമംഗലം സദാനന്ദന്റെ ഒരു ശിഷ്യയുടെ കഥാപ്രസംഗത്തിന് തബല വായിക്കാൻ അവസരം കിട്ടി. ജാക്സന്റെ പ്രകടനം ആ വലിയ കലാകാരന്റെ മനസ്സിൽ തൊട്ടു. ഇടയ്ക്കിടെ വീട്ടിലേക്ക് ചെല്ലാനുള്ള ക്ഷണം, ചില പരിപാടികളിൽ ഒപ്പം ചേർത്ത് നിർത്തി തബല വായിക്കാൻ അവസരം.. ജാക്സൺ സന്തോഷം കൊണ്ട് വാക്കുകൾക്ക് പരതി. മറക്കാൻ കഴിയാത്ത ആ വലിയ മനസ്സിന് മൗനം കൊണ്ട് ആദരം അർപ്പിച്ചു.

അക്കാലത്താണ് കീബോർഡ് വിദഗ്ദ്ധനായ സ്റ്റാൻലിയെ ജാക്സൺ പരിചയപ്പെടുന്നത്. കീബോർഡിൽ വിസ്മയം തീർക്കുന്നതിനേക്കാൾ മൊബൈൽ ഫോണിന് പോളിഫോണിക് റിങ്ടോണുകൾ ഒരുക്കുന്നതിൽ ആയിരുന്നു അദ്ദേഹത്തിന് കമ്പം. അന്നതിന് വലിയ പ്രചാരവും ആവശ്യക്കാരും ഉണ്ടായിരുന്നു. അതിനുള്ള ഒരു സോഫ്റ്റ്‌വെയർ അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നു. കീബോർഡിലെ ജ്ഞാനം അതിന് കൂടുതൽ സഹായകവുമായി. അദ്ദേഹം ജാക്സനെ ആ സോഫ്റ്റ്‌വെയറിന്റെ ലോകത്തേക്ക് കൂട്ടിയത് ഒരു പുതിയ ലോകം തുറന്ന് കിട്ടിയ പോലെയായിരുന്നു.

ഉപകരണങ്ങളില്ലാതെ ഏത് ഉപകരണവും ആ സോഫ്റ്റ്‌വെയറിൽ വായിക്കാൻ കഴിയുമായിരുന്നു. ജാക്സൺ പുതിയ പുതിയ റിങ്ടോണുകൾ നിർമ്മിക്കുന്നതൊപ്പം മറ്റ് ചില പരീക്ഷണങ്ങളിലും ഏർപ്പെട്ടു.

അന്നൊക്കെ ഫ്ലോപ്പി ഡിസ്കുകളായിരുന്നു പ്രചാരത്തിൽ ഉണ്ടായിരുന്നത്. ഗാനമേളകൾക്ക് ട്രാക്ക് ഫ്ലോപ്പിയിൽ ചെയ്ത് കൊടുക്കുക വഴി ചെറിയ വരുമാനത്തിന്റെ സ്രോതസ്സ് കൂടിയായി

ജാക്സണ് ഈ ഹോബി. അറിയാവുന്ന ട്രാക്കുകൾ ചെയ്യുന്നതൊപ്പം പുതിയവ സൃഷ്ടിക്കുന്നതിലും പരീക്ഷണങ്ങൾ നടത്തി ജാക്സൺ. അങ്ങനെ നിരവധി ഭക്തിഗാനങ്ങൾക്ക് ഓർക്കസ്ട്രേഷൻ ചെയ്യാൻ അതുപകരിച്ചു.

സ്കൂൾ വിദ്യാർത്ഥി ആയിരിക്കുന്ന കാലം മുതൽ മറ്റൂർ സെന്റ് മേരീസ് ചർച്ചിലും മുളയം സെന്റ് പാട്രിക് ചർച്ചിലും കൊയർ ഗ്രൂപ്പിൽ ജാക്സൺ വളരെ സജീവമായിരുന്നു. തബലയും കീബോർഡും ഗിറ്റാറും ഒക്കെ അനായാസം കൈകാര്യം ചെയ്തിരുന്ന ജാക്സൺ അവിടെ ഒഴിച്ചുകൂടാനാവാത്ത ഒരാളായിരുന്നു. ഈ പങ്കാളിത്തം ഭക്തിഗാനങ്ങൾ ചെയ്യുന്നതിന് ഏറെ സഹായകവുമായി.

ഇതിനിടെ കോളേജിൽ എത്തിയ ജാക്സൺ കോളേജിലും പതിയെ താരമാവുകയായിരുന്നു. ജാക്സന്റെ സംഗീതത്തോടുള്ള താല്പര്യവും മുൻപ് പറഞ്ഞ സോഫ്റ്റ്‌വെയർ കൈകാര്യം ചെയ്യാൻ ഉള്ള കഴിവും കോളേജിൽ ചർച്ചയായി. ഒരു വലിയ മീറ്റിങ്ങിൽ ഈ സോഫ്റ്റ്‌വെയറിനെ പരിചയപ്പെടുത്താനും കാണികൾ ആവശ്യപ്പെടുന്ന ഗാനങ്ങൾ അതിലൂടെ വായിച്ചുകേൾപ്പിക്കാനും ജാക്സണ് അവസരം കിട്ടി. അത് കുറേ പുതിയ കൂട്ടുകാരെയും കൂട്ടായ്മയെയും നേടിക്കൊടുത്തു. അങ്ങനെയാണ് ചെണ്ടയും മിഴാവും തബലയും വയലിനും ഉൾപ്പെടെ 17 ഉപകരണങ്ങൾ ഒന്നിപ്പിച്ച് ഒരു കലാസന്ധ്യ ഒരുക്കാൻ ജാക്സണ് അവസരം കൈവന്നത്.

കോളേജ് വിദ്യാഭ്യാസകാലത്ത് കോഴിക്കോട് എൻ ഐ ടിയിൽ നടന്ന ഒരു വമ്പൻ മത്സരപരിപാടിയിൽ പങ്കെടുക്കാൻ അവസരം കിട്ടി ജാക്സണ്. ശങ്കർ മഹാദേവനായിരുന്നു അതിൽ ഒരു പ്രധാനജൂറി. മത്സരങ്ങൾ അവസാനിച്ച ശേഷം ശങ്കർ മഹാദേവൻ പരിപാടികളെ വിലയിരുത്തി സംസാരിക്കുമ്പോൾ ജാക്സന്റെ ഗ്രൂപ്പിലെ ഓരോരുത്തരെയും പ്രത്യേകം സൂചിപ്പിച്ചത് മറക്കാൻ കഴിയാത്ത നിമിഷമെന്ന് ജാക്സൺ.

ഡിഗ്രി പഠനം അവസാനിക്കാറാകുമ്പോൾ ജാക്സനെ ഇഷ്ടപ്പെട്ടിരുന്ന ശ്രീജ ടീച്ചറാണ് സൗത്ത് ഇന്ത്യൻ ബാങ്കിലേക്ക് അപേക്ഷ തയാറാക്കി അയച്ചത്. അത് ജീവിതത്തിലെ വഴിത്തിരിവായതിന്റെ കടപ്പാട് ജാക്സൺ ശ്രീജ ടീച്ചർക്ക് സമർപ്പിക്കുന്നു.

സൗത്ത് ഇന്ത്യൻ ബാങ്കിൽ മാർക്കറ്റിംഗിൽ പ്രവേശിച്ച ജാക്സൺ ട്രെയിനിങ്ങിന് ശേഷം കുറേക്കാലം ആ വിഭാഗത്തിൽ ജോലി ചെയ്ത ശേഷം ക്ലാർക്ക് ആയി മധുര മെയിൻ ശാഖയിൽ നിയമിക്കപ്പെട്ടു. മധുര, മഞ്ചപ്ര, തുടങ്ങിയ സ്ഥലങ്ങളിൽ ജോലി ചെയ്ത് ബാങ്കിന്റെ

തൃശ്ശൂർ ഹെഡ് ഓഫീസിൽ സെക്രട്ടേറിയൽ വിഭാഗത്തിൽ എത്തി. ഹെഡ് ഓഫീസ് കലാകാരന്മാരുടെ കേന്ദ്രമായിരുന്നു. നമ്മുടെ ടിബി പ്രതിഭ നന്ദുകൃഷ്ണൻ ഒക്കെ ആ ശ്രേണിയിൽ വരുന്നു. പോരാത്തതിന് തലവനായി കലാസ്നേഹിയായ വി എൽ പോൾ സാർ, നിറഞ്ഞ പിന്തുണയുമായി ഹെഡ് ഓഫീസിലെ സെക്രട്ടേറിയൽ തലവൻ ജിമ്മി മാത്യു, സുഹൃത്തുക്കൾ നിധീഷ് സെബാസ്റ്റ്യൻ, രഞ്ജിത്, വിനയ്ഗോപാൽ, അമൽ വിനോദ് എന്നിവരും. പ്രോത്സാഹനങ്ങളും അവസരങ്ങളും ജാക്സണിലെ കലാകാരന് കരുത്ത് പകർന്നു. സംഘാടനത്തിലും പ്രകടനത്തിലും തന്റേതായ ഒരു ശൈലി രൂപപ്പെടുത്താനും അത് സഹായിച്ചു.

2017ൽ പ്രൊമോഷൻ നേടി ജാക്സൺ പാലക്കാട് ശാഖയിൽ എത്തി. അവിടെ നിന്നും ഇപ്പോഴത്തെ ശാഖയിലേക്ക്.
ഔദ്യോഗികജീവിതത്തിൽ നിന്നും കലാരംഗത്തേക്ക് കിട്ടിയ പുണ്യമായി ജാക്സൺ കാണുന്നത് ഷിന്റോ ജോർജ് എന്ന ഡൽഹി മലയാളിയായ ഗിറ്റാറിസ്റ്റിനെ കാണാനും പരിചയപ്പെടാനും കിട്ടിയ അവസരം ആണ്. ഗിറ്റാർ ഇങ്ങനെയാണ് വായിക്കേണ്ടത് എന്ന തിരിച്ചറിവ് ജാക്സണ് ഉണ്ടാക്കികൊടുത്ത ആൾ. തന്റേതായ ശൈലി ആ ഉപകരണത്തിൽ തെളിച്ചെടുത്ത പ്രതിഭ. ഗിറ്റാർ പഠിക്കണം എന്ന തന്റെ വളരെക്കാലമായുള്ള മോഹം തുറന്ന് പറയുമ്പോൾ തന്റെ യൊപ്പം ചിറക് വിരിച്ചു പറക്കാൻ കഴിയുന്ന ഒരാളെ കണ്ടെത്തിയ സന്തോഷമായിരുന്നു ഷിന്റോയ്ക്ക്. ആ കൂട്ടുകെട്ടിൽ ബാങ്ക് ഓഫീസേർസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്ന ചില പരിപാടികൾ ആസ്വാദകരിൽ തീർത്തത് അനിർവചനീയമായ അനുഭൂതിയുടെ നിമിഷങ്ങൾ ആയിരുന്നു.

കപ്പ ടീവിയിലെ മൂഡ് ടേപ്പ് എന്ന പരിപാടിയിൽ പ്രിയസ്നേഹിതൻ ധീരജുമൊത്ത് ചെയ്ത "അതിശയമേ... "എന്ന കവർസോങ് കണ്ട് ധാരാളം ആളുകൾ വിളിച്ച് അഭിനന്ദനം അറിയിച്ചതെക്കുറിച്ച് പറയുമ്പോൾ ജാക്സന്റെ വാക്കുകളിൽ പ്രിയസ്നേഹിതനോടുള്ള ഇഷ്ടം നിറഞ്ഞു.

നാദവും താളവും സമ്മേളിക്കുന്ന ജാക്സന്റെ ജീവിതത്തിന് ശ്രുതി ചേർക്കാനെത്തിയത് എം എസ്സി എം എൽറ്റി കാരിയായ ഡെന്നയാണ്. പി എസ് സിയുടെ നിയമനവും അമ്മ എന്ന പ്രൊമോഷനും കാത്തിരിക്കുന്ന ഡെന്ന ജാക്സന്റെ സംഗീതവഴികളിൽ ശ്രുതി മീട്ടുന്നു. ലോക്ക്ഡൌൺ സമ്മാനിച്ച പ്രതിഭ മഴയിൽ നമുക്കിടയിൽ പെയ്തിറങ്ങിയ ജാക്സണ് ഏറെ ദൂരം സഞ്ചരിക്കാൻ ആകട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് ആശംസിക്കുന്നു.

**English Version**

In Mahabharatha, it is mentioned that Abhimanyu, Arjuna's son, learned all the secrets of warfare including the challenging task of breaking a 'chakravyuh' while still in his mother's womb. Some state with conviction that scientifically it is possible for an unborn baby to learn so. Whether this is true or not, from his mother's womb his heart beat according to the beats of the tabla that daily arose in the artistic family. The toddler loved the resonant strokes of tabla and stood still listening to them even in any chaos. His mother describes an instance that occurred when he was not even one year old: " He continued playing tabla from where his paternal uncle stopped amidst his classes. That left us all speechless."

This week we present before you a talented banker who was born to a family of many artists and proved his mettle to the world.

Jackson Antony
South Indian Bank Ltd
Vadakkanchery branch

Born in Mattoor, Kalady as the single son of artist-businessman P.D.Antony and Mercy, grew up to the taalas of tabla and sruti of keyboard. As he didn't have any siblings to play with, he chose these instruments instead.

His paternal uncle, Jose, was a famous tablist. Recognizing Jackson 's interest in tabla, Jose started teaching him at the age of three. He was lauded at the age of five when he played tabla for five minutes during the Anniversary celebration of Mattoor St. Antony's school where he studied from first to fifth grades.

Amazed by the little left hander's performance, the school authorities made him play tabla in their ganamela. He mesmerized the audience playing for songs " Oru murai vandu parthaaya.." , "Sangeethame.. amarasallaapame..." in place of the usual mridangam. He was praised, applauded and presented with strings of notes, he reminisces from his mother's words. Though for him it was child's play, the viewers enjoyed and praised the same.

After fifth standard he went to Brahmanandodayam Higher Secondary School and then had his college education from Kalady Sree Sankara College. Though he participated in all competitions during his school and college years, he remembers vividly about the recognitions from outside.

While studying in sixth standard, he chanced to play tabla for a kadhaprasangam by a student of the legendary artist Kedamangalam Sadanandan. The story-telling exponent was touched by the little Jackson's flair for the instrument. He invited the boy many a time to visit his home, and took him to play during his kadhaprasangam programmes.. Jackson

couldn’t find words to describe his emotions as he remembered these occasions, and murmured a silent prayer of gratitude to the legend.

Around the same time he got acquainted with Stalin, a keyboard expert. He had a craze for creating polyphonic ringtones rather than generating magic out of keyboard. There was a great popularity and demand for them at the time. He had a software to do the same and his knowledge in keyboard aided him in his attempts. He opened a new world for Jackson through this software.

One could play any instrument in the software without the physical instrument. Jackson started his own experimentation with the software in addition to making new ringtones.

Floppy disks were popular during those days. Jackson saved tracks for ganamelas in these floppys thus generating a small income too. He experimented with creating new tracks in addition to the preparation of existing tracks. This helped him in doing orchestration for various devotional songs.

From his school years he was an active member in the choir groups of Mattoor St.Mary's church and Mulayam St. Patrick Church and with his ease in handling tabla, keyboard and guitar became an indispensable member if the choirs. This helped him in doing orchestration for devotional songs.

He evolved into a star in his college too. His affinity to music and skill in developing tracks with the software were discussed by many. In one major meeting held at the college, he got the chance to introduce the software to the audience and play the songs that were requested. This fame earned him many friends and friendship circles. This later equipped him to arrange a ‘kalaasandhya’ of 17 instruments including chenda, mizhavu and tabla.

While in college, he could perform at a huge and intense competition held at NIT,Calicut with Sankar Mahadevan as the main jury. At the end of all performances, speaking of the evaluation and judgement, Sankar Mahadevan mentioned each member of Jackson’s team – something Jackson would never forget.

When he was about to graduate, Sreeja teacher who was fond of him, prepared his application for South Indian Bank. He credits her for creating such a turning point in his life.

He joined the bank in the marketing department and worked there for a long time after his training, then was appointed as clerk in Madhura Main Branch. After working in Madhura and Manjapra, he joined the bank’s head office at Thrissur in the Secretarial Department. The head office was a centre of artists. Our talented banker, Nandukrishnan belonged to the list of artists there. Moreover, they were all headed by an aesthete, V.L. Paul sir, and supported by Head Office Secretarial Head Jimmy Mathew, friends Nidheesh Sebastian, Renjith, Vinay Gopal and Amal Vinod. The opportunities and encouragement received there empowered the artist in him and prompted him to formulate his own style of playing.

In 2017 he joined Palakkad branch on promotion, and from there was transferred to his present branch. Getting to meet and know Shinto George, a Delhi- Malayali guitarist, is a virtue Jackson gained from his official life. An expert who showed Jackson how a guitar is played, an exponent who created his own style of playing the instrument.. When Jackson opened up that he cherished a dream of learning to try his hand in guitar for quite long, Shinto rejoiced that he won a companion to spread his wings and fly along. Their friendship created mesmerising moments of music in various programmes organised by the Bank Officers' Association.

Jackson’s words reflect his love for his intimate friend Dheeraj as he describes the time they were lauded by many for the cover song “ Athisayame... “ created by them for Mood tapes programme of Kappa TV.

MSc (MLT) holder Denna has arrived to add sruthi to his melodious life and is awaiting the PSC enrollment and promotion to motherhood. We wish that Jackson, who seeped into our hearts with his melodies amidst the outburst of innate talents during the blessed lockdown period, may travel long and wide on his harmonious path.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry, State Bank of India, LHO Thiruvananthapuram